**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2828** **13-02-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം തുറമുഖ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം തുറമുഖത്ത് നിന്നും ഫലപ്രദമായി യാത്രാ കപ്പൽ സർവ്വീസ് നടത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കൊല്ലം തുറമുഖത്ത് യാത്രാ കപ്പൽ നടത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ട്, ഇടത്തരം യാത്രാ കപ്പലുകൾ അടുക്കുന്നതിനു വേണ്ടിയുള്ള ആഴവും, യാത്രക്കാർക്ക് കപ്പലിൽ കയറുവാനുള്ള ബെർത്തിങ്ങ് സൗകര്യവും നിലവിലുണ്ട്. അന്താരാഷ്ട്ര കപ്പലുകൾ അടുക്കുന്നതിനാവശ്യമായ ISPS കോഡും കൊല്ലം തുറമുഖത്തിനു ലഭിച്ചിട്ടുണ്ട്. കൂടാതെ ഇമിഗ്രേഷൻ ചെക്ക്പോസ്റ്റ് (ICP) ലഭ്യമാക്കുന്നതിനുള്ള ICP Compliance റിപ്പോർട്ട് കേന്ദ്ര സർക്കാരിനു നല്കിയിട്ടുണ്ട്. |
| (ബി) | കൊല്ലം തുറമുഖത്ത് നിന്നും ലക്ഷദ്വീപിലേക്ക് യാത്രാകപ്പൽ സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് ലക്ഷദ്വീപ് ഭരണകൂടവുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇതിനായി ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കൊല്ലം ലക്ഷദ്വീപ് യാത്രാകപ്പൽ ആരംഭിക്കുന്നതിനായി ചർച്ചകൾ നടത്തിയിരുന്നെങ്കിലും ഈ കാര്യത്തിൽ ഫലപ്രദമായ തീരുമാനത്തിൽ എത്താൻ കഴിഞ്ഞിട്ടില്ല, |
| (സി) | അന്താരാഷ്ട്ര കപ്പൽ ചാലിന് സമീപം സ്ഥിതി ചെയ്യുന്ന കൊല്ലം തുറമുഖത്ത് കപ്പലുകൾക്ക് നങ്കൂരമിടാൻ ബങ്കറിംഗ് സംവിധാനം ഒരുക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; പ്രസ്തുത സംവിധാനം തുറമുഖ വികസനത്തിന് സഹായകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ICP സ്റ്റാറ്റസ് കൊല്ലത്ത് ലഭിച്ചാൽ മാത്രമേ അന്താരഷ്ട്ര കപ്പലുകൾക്ക് തുറമുഖത്ത് വരുവാൻ സാധിക്കുകയുള്ളൂ. അന്താരാഷ്ട്ര കപ്പലുകൾ വരുന്നമുറയ്ക്ക് ബങ്കറിങ്ങ് സംവിധാനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | കൊല്ലം തുറമുഖ വികസനത്തിന് സഹായകരമാകുന്ന മറ്റെന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | കൊല്ലം തുറമുഖത്തിനു നിലവിൽ ISPS ലഭ്യമായിട്ടുണ്ട്. കൂടാതെ ICP ലഭ്യമാക്കുന്നതിനുള്ള ICP Compliance റിപ്പോർട്ട് കേന്ദ്ര സർക്കാരിനു നല്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്തെ ആഴം 10 മീറ്റർ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ സാഗർമാലയിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് കൂടാതെ ഒരു ഫ്ലോട്ടിങ്ങ് ഡ്രൈഡോക്ക് കൊല്ലം ജില്ലയിൽ PPP മോഡലിൽ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനായി സാഗർമാലയുടെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ